**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4215** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി മേഖലയിലെ അധ്യാപക ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭരണപരമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അധ്യാപക നിയമന നടപടികളിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കാലതാമസം വരുന്നത് ഹയർസെക്കൻഡറി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അടക്കം വിദ്യാഭ്യാസ രംഗത്തെ ഗുരുതരമായി ബാധിയ്ക്കാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ ഹയർ സെക്കൻഡറിയിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ മേഖലയിലെ അധ്യാപക ക്ഷാമം പഠന നിലവാരത്തെ ബാധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനുള്ള എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; അറിയിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തിവരുന്നുണ്ട്. |
| (ഇ) | ഡി. പി. സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും പ്രമോഷൻ നൽകുന്നതിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) ന്റെ 23.07.2018-ലെ സർക്കുലർ നം.1/310/2018/ഉ.ഭ.പ.വ., കെ. എസ്. ആൻഡ് എസ്. എസ്. ആർ. രണ്ടാം ഭാഗം ചട്ടം 28 (b) എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും വർഷങ്ങളായി ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് പാലിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (എഫ്) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 08.06.2021 -ലെ സ.ഉ.(കൈ)നം.13/2021/ ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം വിവിധ എച്ച്. എസ്. എസ്. (ജൂനിയർ) തസ്തികയിൽ എത്ര ഒഴിവുകളാണ് പി. എസ്. സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എഫ്) | 08.06.2021-ലെ സ.ഉ.(കൈ) നം. 13/2021/ ഉ.ഭ.പ.വ. പ്രകാരം HSST(Jr) തസ്തികയിൽ 691 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ HSST(Jr) തസ്തികകളിൽ പ്രതീക്ഷിത ഒഴിവുകളായി 103 വേക്കൻസികൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ